കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കുറ്റിപ്പുറം ബ്ലോക്ക്പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2018-19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

മലപ്പുറം ജില്ലാ ഓഡിറ്റ് കാര്യാലയം

e-mail:dompm.ksad@kerala .gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം.(8)/978/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

e-mail: dompm.ksad@kerala.gov.in

തിയ്യതി. 30-10-2020

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : കുറ്റിപ്പുറം ബ്ലോക്ക്പഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ്റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുറ്റിപ്പുറം ബ്ലോക്ക്പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ, തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ എയിംസ് സോഫ്റ്റ്‌വെയർ മുഖേന ഓൺലൈനായി http://aims.ksad.kerala.gov.in/esubmission ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഇ-മെയിൽ)

2)അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ (ജനറൽ ), മലപ്പുറം

3)കാര്യാലയ പകർപ്പ്

എം.എ.11/2020

നം.കെ.എസ്.എ.എം.പി.എം.8 /978/2020 തീയതി:30-10-2020

## മലപ്പുറം ജില്ലയിലെ കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 17-2-2019 മുതൽ 15-07-2020 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 10 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിന് മറുപടി ലഭ്യമാക്കി . ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം:

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ.ഷാജഹാൻ എ.എസ്. സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ഓഡിറ്റിന് വിനിയോഗിച്ച സമയം : 16-07-20 മുതൽ 27-07-2020വരെ

(എ)ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

| | |
|---|---|
| ശ്രീ. പ്രസാദ് .പി (17.07.20 വരെ മാത്രം) | ഓഡിറ്റ് ഓഫീസർ |
| ശ്രീ. അബ്ദുൽ ഗഫൂർ.സി | അസി.ഓഡിറ്റ് ഓഫീസർ |
| ശ്രീ. മൂസ .ഇ | അസി.ഓഡിറ്റ് ഓഫീസർ |
| ശ്രീ. ഷജീർ.കെ | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| തസ്തിക | പേര് | കാലയളവ് |
|---|---|---|
| പ്രസിഡന്റ് | ശ്രീ.ആതവനാട് മുഹമ്മദ്കുട്ടി | 01.04.2018-31.03.2019 |
| സെക്രട്ടറി | ശ്രീ.കെ.വി.രാധാകൃഷ്ണൻ | 01.04.2018-31.05.2018 |
| | ശ്രീ.എം.പി.രാമദാസ് | 01.06.2018-22.07.2018 |
| | ശ്രീമതി അജിത.കെ, | 23.07.2018-10.03.2019 |
| | ശ്രീ.ചന്ദ്രൻ.ടി. | 11.03.2019-31.03.2019 |
| എ.ഡി.എ. | ശ്രീമതി സൂസമ്മ ജോർജ്ജ് | 01.04.2018-31.03.2019 |
| അസി.എക്സി. എഞ്ചിനീയർ | ശ്രീ.പ്രകാശ് ബാബു,എം. | 01.04.2018-31.03.2019 |
| അസി.എഞ്ചിനീയർ | ശ്രീമതി നന്ദിത.എം.ടി, | 01.04.2018-31.03.2019 |
| മെഡിക്കൽ ഓഫീസർ | ഡോ.വിജിത്ത് വിജയശങ്കർ, | 01.04.2018-31.03.2019 |
| പട്ടികജാതി വികസന ഓഫീസർ | ശ്രീ.വേലായുധൻ.സി, | 01.04.2018-12.06.2018 |
| | ശ്രീമതി അനില റാണി.എം, | 13.06.2018-31.03.2019 |
| ക്ഷീര വികസന ഓഫീസർ | ശ്രീ.അബ്ദുൽ മഹറൂഫ് എച്ച്.പി. | 01.04.2018-06.04.2018 |
| | ശ്രീ.എൻ.ജയചന്ദ്രൻ | 07.04.2018-14.09.2018 |
| | ശ്രീമതി ആശ | 15.09.2018-31.03.2019 |
| ശിശുവികസന ഓഫീസർ | ശ്രീമതി കമലാക്ഷി.പി.പി, (ഇൻചാർജ്ജ്) | 01.04.2018-20.04.2018 |
| | ശ്രീമതി സൈനബ.കെ.ടി (ഇൻചാർജ്ജ്) | 21.04.2018-31.03.2019 |

| | | |
|---|---|---|
| സി.ഡി.പി.ഒ | ശ്രീമതി മല്ലിക.കെ.എസ് | 01.04.2018-<br>07.08.2018 |
| | ശ്രീമതി കാർത്ത്യായനി.കെ, charge | 08.08.2018-<br>22.08.2018 |
| | ശ്രീമതി സീമാതമ്പി എസ് | 23.08.2018-<br>16.03.2019 |
| | ശ്രീമതിഫർസാനറൂബി.കെ.എ<br>ഐ.സി.ഡി.എസ് സൂപ്പർവൈസർ<br>(സി.ഡി.പി.ഒ അഡീഷണൽ ഇൻചാർജ്ജ്) | 17.03.2019-<br>31.03.2010 |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| | ഓഡിറ്റ് റിപ്പോർട്ട് | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമപദ്ധതികൾ | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക കണക്ക്-അപാകതകൾ | 1-11 |
| 12 | എസ്.സി.വിദ്യാർത്ഥികൾക്ക് പഠന സൗകര്യം ഒരുക്കൽ-അപാകത | 1-12 |
| 13 | പ്രവൃത്തി വൈകി പൂർത്തിയാക്കിയതിന് പിഴ ഈടാക്കിയില്ല. | 1-13 |
| 14 | ടെണ്ടർ ഫോം വില ബ്ലോക്ക് പഞ്ചായത്തിന് ലഭ്യമായില്ല | 1-14 |
| 15 | കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ നിധി വിഹിതം - കളക്ഷൻ ചാർജ്ജ് ഈടാക്കിയില്ല. | 1-15 |
| 16 | മരാമത്ത് പ്രവൃത്തി - യഥാസമയം കരാർ വെക്കാത്തതിന് നിയമനസൃതമായ പിഴ ഈടാക്കിയില്ല. | 1-16 |
| 17 | ഡെപ്പോസിറ്റ് പ്രവൃത്തി തുക മുഴുവൻ ചെലവഴിച്ചില്ല | 1-17 |

| | | |
|---|---|---|
| 18 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. | 1-18 |
| 19 | സെന്റേജ് ചാർജ്ജ് അധികം നൽകിയത്-സംബന്ധിച്ച് | 1-19 |
| 20 | സ്കോളർഷിപ്പ് വിഹിതം നൽകൽ- ചെലവഴിക്കാത്ത തുക തിരിച്ചടച്ചില്ല | 1-20 |
| 21 | പദ്ധതി അവലോകനം | 1-21 |
| | ഭാഗം 2 | |
| | വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 22 | ഇല്ല | |
| | ഭാഗം 3 | |
| | ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 23 | പ്രവൃത്തി വൈകി പൂർത്തിയാക്കിയതിന് പിഴ ഈടാക്കിയില്ല. | 3-1 |
| 24 | മരാമത്ത് പ്രവൃത്തി - യഥാസമയം കരാർ വെക്കാത്തതിന് നിയമനസൃതമായ പിഴ ഈടാക്കിയില്ല | 3-2 |
| | ഭാഗം-4<br>പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 25 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 4-1 |
| 26 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 27 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 28 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 29 | വായ്പ വായ്പ തിരിച്ചടവ് | 4-5 |
| 30 | സ്ഥിര നിക്ഷേപം | 4-6 |
| 31 | ഓഡിറ്റ് റിക്കവറി | 4-7 |
| 32 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 33 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 34 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 35 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| 36 | അനുബന്ധം-1 സാക്ഷ്യപത്രം | |


## ഭാഗം -1

## ഓഡിറ്റ് റിപ്പോർട്ട്

### 1-1 ബജറ്റ്

| 2018-19ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നമ്പർ./തിയ്യതി | ( പുതുക്കിയത്) തീരുമാന നമ്പർ./തിയ്യതി |
|---|---|
| 1/ 28.03.2018 | 1/21.02.2019 |

| |
|---|
| |

1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 22.05.2019 | - | - |

1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| ഇനം | വർഷം (2018-19) |
|---|---|
| മുന്നിരിപ്പ് | 20682950 |
| വരവ് | 85017750 |
| ആകെ | 105700700 |
| ചെലവ് | 84133330 |
| നീക്കിയിരിപ്പ് | 21567370 |

1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | നീക്കി ബാക്കി (R.P 40b പ്രകാരം) |
|---|---|---|---|---|---|
| വികസന ഫണ്ട്(ജനറൽ) | 00 | 45283000 | 45283000 | 45281239 | 1761 |
| വികസന ഫണ്ട് (എസ്.സി.പി) | 00 | 11675000 | 11675000 | 11661073 | 13927 |
| വികസന ഫണ്ട് (ടി.എസ്. പി) | 0 | 672000 | 672000 | 0 | 672000 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 00 | 5373000 | 5373000 | 2220232 | 3152768 |
| ടി.എസ്.സി | 1633766 | 70756 | 1704522 | 10493 | 1694029 |
| ഐ.എ.വൈ | 16131131 | 7842676 | 23973807 | 9688345 | 14285462 |
| IWMP(PMKSY) | 439197 | 10192783 | 10631980 | 10160510 | 471470 |
| ജി.പി.ജി. | -426796 | 4310665 | 3883869 | 1843857 | 2040012 |
| SBI online | 32437 | 899144 | 931581 | 816285 | 115296 |
| TSB Joint venture | - | 126000 | 126000 | 70000 | 56000 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 116 | 96833865 | 86 | 59162544 | 0 | 30 | 75.86% |

## 1-6 തൊഴിലുറപ്പ് പദ്ധതി

ബാധകമല്ല

## 1-7 ക്ഷേമപദ്ധതികൾ

ഇല്ല

## 1-8 ക്യാഷ് പരിശോധന

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16.07.2020 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. നീക്കിയിരിപ്പ് തുക ബാങ്കിലടവാക്കിയതിനാൽ ബാലൻസ് ഒന്നും തന്നെ അവശേഷിക്കുന്നില്ല.

## 1-9 ആഭ്യന്തര നിയന്ത്രണം

1) ജീവനക്കാർ പേഴ്സണൽ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

2)അസ്സറ്റ് രജിസ്റ്റർ കാലികമല്ല. അസ്സറ്റ് രജിസ്റ്ററിൽ മൂല്യം ചേർക്കാത്തതിനാൽ ബാലൻസ് ഷീറ്റിൽ ചേർത്ത അസറ്റുകളുടെ മൂല്യത്തിന്റെ കൃത്യത ഉറപ്പ് വരുത്താൻ കഴിഞ്ഞിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 12.11.2019-21.11.2019 | 01.10.2018- 31.10.2019 | 09.07.2020 |
| എ.ജി ഓഡിറ്റ് | 01.07.2017-07.07.2017 | 2012-13 മുതൽ 2016-17 | 17.08.2017 |

## 1-11 വാർഷിക കണക്കുകളിലെ അപാകതകൾ

2018-19സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. Special TSB അക്കൗണ്ട് പാസ്ബുക്ക് പ്രകാരമുള്ള ബാലൻസ് 2142229 ആണ്. എന്നാൽ റീകൺസിലിയേഷൻ പത്രിക പ്രകാരം ബാലൻസ് 2165463 ആണ്. ( വ്യത്യാസം 23234)

2. 25.11.2018 മുതൽ 31.3.2019 വരെയുള്ള ക്യാഷ് ബുക്ക് അതാത് ദിവസം പ്രിന്റ് എടുത്ത് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3. ബാങ്ക് ബുക്ക് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

4. മുൻ വാർഷിക കണക്കിൽ (2017-18) ബി-11ഷെഡ്യൂളിൽ ഉൾപെട്ടിരുന്ന പല ഫിക്സഡ് ആസറ്റുകളും ഈ വർഷത്തെ വാർഷിക കണക്കിൽ നിന്നും നീക്കം ചെയ്തിരിക്കുന്നു. ആയതിന് അടിസ്ഥാനമാക്കിയ രേഖകൾ/ തീരുമാനങ്ങൾ എന്നിവ ലഭ്യമാക്കിയിട്ടില്ല.

5. ഡെപ്പോസിറ്റ് രജിസ്റ്റർ ഹാജറാക്കാത്തതിനാൽ B-7 ഷെഡ്യൂളിൽ ഉൾപെട്ട ഇനങ്ങളുടെ വിശദാംശങ്ങൾ പരിശോധിക്കാനായില്ല.

6. Lease Rental ഇനത്തിലെ ഡിമാന്റ് രജിസ്റ്റർ ഹാജറാക്കാത്തതിനാൽ ഈ ഇനത്തിലെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ പരിശോധിക്കാനായില്ല. ലഭ്യമാക്കിയ രജിസ്റ്റർ അപൂർണ്ണമാണ്.

7. Rent receivable from lease of lands എന്നിവയുടെ ഡിമാന്റ് രജിസ്റ്റർ ഹാജറാക്കിയിട്ടില്ല.

8. രജിസ്റ്റർ പ്രകാരം 2018-19 വർഷത്തിൽ 6240000 രൂപ KWA ൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. 2017-18 ൽ പ്രവർത്തിക്കായി ഡെപ്പോസിറ്റ് ചെയ്ത 10,00,000 രൂപയുടെ വിനിയോഗ സാക്ഷ്യപത്രവും ലഭിച്ചിട്ടില്ല. ആയത് പ്രകാരം KWA ൽ ആകെ ഡെപ്പോസിറ്റ് 6340000 രൂപയാണ്. എന്നാൽ B-18 ഷെഡ്യൂൾ പ്രകാരം ആയത് 6592620 രൂപയാണ്.

9. B-18 ഷെഡ്യൂൾ പ്രകാരമുള്ള other advance, Advance to implimenting officers എന്നിവയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

10. B-9 ഷെഡ്യൂളിലെ stale cheque ഇനത്തിലെ 52329 രൂപയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

11. B-9 ഷെഡ്യൂളിലെ Revenue recovery ഇനത്തിലെ 15,000രൂപയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

12. ലഭ്യമാക്കിയ രജിസ്റ്റർ പ്രകാരം കെട്ടിട വാടക ഇനത്തിലെ ഡിമാന്റ് 9000 രൂപയാണ്. എന്നാൽ ഈ ഇനത്തിൽ തൻവർഷം ലഭിച്ച 6750 രൂപ മാത്രമാണ് വാർഷിക ധനകാര്യ പത്രികയിൽ ഡിമാന്റായി ഉൾപെടുത്തിയിട്ടുള്ളത്.

13. വാർഷിക ധനകാര്യ പത്രികയോടൊപ്പം കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ പ്രകാരം ഉൾപെടുത്തേണ്ട അടിസ്ഥാന അനുപാതങ്ങൾ, നോട്സ് ഓൺ അക്കൗണ്ട് എന്നിവ ഉൾപെടുത്തിയിട്ടില്ല.

14. മുൻ വാർഷിക കണക്കുകളിലെ അപാകതകൾ പരിഹരിച്ച് റിപ്പോർട്ട് ചെയ്തിട്ടില്ല.

## 1-12 എസ്.സി വിദ്യാർത്ഥികൾക്ക് പഠന സൗകര്യമൊരുക്കൽ - അപാകതകൾ

പദ്ധതി - എസ്.സി വിദ്യാർത്ഥികൾക്ക് പഠന സൗകര്യമൊരുക്കൽ

പദ്ധതി നം- 108/ 2018-19 (S.O.)

ചെലവ് തുക – 23,50,000

1. എസ്.സി വിദ്യാർത്ഥികൾക്ക് പഠന സൗകര്യമൊരുക്കൽ എന്ന പദ്ധതിക്ക് വേണ്ടി ഗ്രാമ പഞ്ചായത്തുകൾ നൽകിയ ഗുണഭോക്തൃ ലിസ്റ്റുകൾ ക്രോഡീകരിച്ച് ബ്ലോക്ക് ഭരണസമിതിയുടെ അംഗികാരം വാങ്ങിയിട്ടില്ല. ഗ്രാമ പഞ്ചായത്തുകൾ നൽകിയ ഗുണഭോക്തൃ ലിസ്റ്റുകളിലെ എല്ലാ ഗുണഭോക്താക്കൾക്കും ആനുകൂല്യം നൽകിയിട്ടില്ല എന്നതിനാൽ ആനുകൂല്യം നൽകാൻ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് ആധാരമാക്കിയ മാനദണ്ഡങ്ങൾ വിശദീകരിക്കേണ്ടതാണ്.

2. താഴെപറയുന്ന ഗുണഭോക്താക്കൾ നാളിതു വരെ പഠനമുറി നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | അനുവദിച്ച തുക | ബിൽ തിയ്യതി |
|---|---|---|---|
| 1. | രാജൻ , തൊട്ടിയിൽ | 50,000 | 26.3.2018 |
| 2. | സുരേഷ് കിഴക്കേപ്പാട്ട | 50,000 | 26.3.2018 |
| 3. | ശിവരാമൻ , കൊട്ടാരത്ത് പറമ്പിൽ | 50,000 | 26.3.2018 |
| 4. | ഉണ്ണികൃഷ്ണൻ, വേളക്കാട്ടിൽ | 50,000 | 4.09.2018 |
| 5. | വേണുഗോപാലൻ, ഇല്ലത്തുപറമ്പിൽ | 50,000 | 4.09.2018 |
| 6. | മണികണ്ഠൻ, കൊല്ലേത്ത് പടി | 50,000 | 4.09.2018 |
| 7. | വിജയൻ, ഇല്ലത്തുപറമ്പിൽ | 50,000 | 26.3.2018 |

അപാകതകൾക്ക് വിശദീകരണം നൽകാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (9/23.7.2020 )മറുപടി നൽകിയിട്ടില്ല. പഠനമുറി നിർമ്മാണം പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും പൂർത്തീകരിച്ച വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-13 പ്രവൃത്തി വൈകി പൂർത്തിയാക്കിയതിന് പിഴ ഈടാക്കിയില്ല.

2012 ലെ പൊതുമരാമത്ത് മാന്വൽ ഖണ്ഡിക 2112 പ്രകാരം കരാറുകാരന്റെ കാരണം കൊണ്ട് നിശ്ചിത തീയ്യതിക്കകം പ്രവൃത്തി പൂർത്തിയാക്കാൻ കഴിഞ്ഞില്ലെങ്കിൽ കരാറുകാരിൽ നിന്ന് പിഴ ഈടാക്കേണ്ടതുണ്ട്. എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ഷ്രഡിങ് യൂണിറ്റ് അടിസ്ഥാന സൗകര്യ വികസനം (38/19), കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടിയുള്ള വിശ്രമ മുറി നിർമ്മാണം (92/19) എന്നീ പ്രവൃത്തികൾ വൈകി പൂർത്തിയാക്കിയതിന് കരാറുകാരിൽ നിന്ന് ഫൈൻ ഈടാക്കിയിട്ടില്ല.

കരാറുകാരുടെ മാത്രം കാരണങ്ങളാൽ പ്രവൃത്തി വൈകി പൂർത്തീകരിച്ചിട്ടും പിഴ ഈടാക്കാതെ കരാറുകാർക്ക് തുക നൽകിയത് നിയമാനുസൃതമല്ല. പിഴ 14498 രൂപ ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ ഖ. 3-1 ആയി ചേർത്തിട്ടുണ്ട്.

## 1-14 ടെണ്ടർ ഫോം വില ബ്ലോക്ക് പഞ്ചായത്തിന് ലഭ്യമായില്ല

2018-19 വർഷത്തിൽ ഇ ടെണ്ടർ മുഖേന നിർവ്വഹിച്ച മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർഫോം വില നിലവിൽ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണുള്ളത്. ബ്ലോക്ക് പഞ്ചായത്തിന് തനത് വരുമാനമെന്ന നിലയിൽ ലഭ്യമാവേണ്ട വലിയൊരു തുക മറ്റൊരു സ്ഥാപനത്തിന്റെ അക്കൗണ്ടിൽ തുടരുന്നത് ഒഴിവാക്കേണ്ടതും ആയത് തിരികെ ലഭിക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്. ഇ -ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി | കരാർ തുക | പങ്കെടുത്തവർ | ടെണ്ടർ ഫോം വില GST ഉൾപ്പെടെ | ആകെ |
|---|---|---|---|---|---|
| 1 | കുറ്റിപ്പുറം താലൂക്ക് ആശുപത്രിയിൽ | 4125000 | 4 പേർ | 2950 | 11800 |

| | | | | | |
|---|---|---|---|---|---|
| | അടിസ്ഥാന സൗകര്യ വികസനം (89/190 | | | | |
| 2 | ടിപ്പുസുൽത്താൻ റോഡ് നവീകരണം (41/19) | 500000 | 2പേർ | 1180 | 2360 |
| 3 | പാറക്കല്ല് കെ.കെ റോഡ് നവീകരണം (42/19) | 1000000 | 3പേർ | 2360 | 7080 |
| 4 | കായൽപാടം നീർപ്പുഴ കുളങ്ങരക്കാട്ടിൽ റോഡ് നവീകരണം (43/19) | 500000 | 2പേർ | 1180 | 2360 |
| 5 | പഴയ ചന്ത വേങ്ങക്കാട് റോഡ് നവീകരണം (44/19) | 500000 | 2പേർ | 1180 | 2360 |
| 6 | ചെല്ലൂർ യു.പി.സ്കൂൾ പൂങ്കോറ റോഡ് നവീകരണം (45/19) | 500000 | 2പേർ | 1180 | 2360 |
| 7 | പതിയാരത്ത് മാഞ്ഞാംപ്പള്ളിക്കാട് റോഡ് നവീകരണം /(46/19) | 500000 | 2പേർ | 1180 | 2360 |
| 8 | വിനീസ്പടി മാളിയേക്കൽ റോഡ് നവീകരണം (48/19) | 500000 | 2പേർ | 1180 | 2360 |
| 9 | തിണ്ടലം പൊറ്റേക്കളം പടി എസ്.സി.കോളനി റോഡ് സംരക്ഷണം (57/19) | 800000 | 2പേർ | 1888 | 3776 |
| 10 | തവളംചിന തളറാട് റോഡ് നവീകരണം (118/19) | 500000 | 2പേർ | 1180 | 2360 |
| 11 | മർക്കസ് മൂടാൽ പാലാട് കുളമ്പ് റോഡ് നവീകരണം (119/19) | 500000 | 2പേർ | 1180 | 2360 |
| 12 | ചെനപ്പറമ്പ് എസ്.സി.കോളനി റോഡ് നവീകരണം (120) | 800000 | 2പേർ | 1888 | 3776 |
| 13 | ചെമ്പി പൂങ്കോറ കുറ്റിക്കാട്ടിൽ തോടിൽ ജല സംരക്ഷണ തടയണ നിർമ്മാണം ( 23/19) | 800000 | 2പേർ | 1888 | 3776 |
| 14 | വളവുങ്ങൽ തോട് (വലിയ തോട്) ജല സംരക്ഷണ തടയണ നിർമ്മാണം ( 24/19) | 1000000 | 2പേർ | 2360 | 4720 |
| 15 | അമ്മേങ്ങൽ തോട്ടിൽ ജല സംരക്ഷണ തടയണ നിർമ്മാണം ( 26/19) | 750000` | 2പേർ | 1770 | 3540 |
| 16 | കുണ്ടിങ്ങൽ തോട്ടിൽ ജല സംരക്ഷണ തടയണ നിർമ്മാണം ( 30/19) | 750000` | 2പേർ | 1770 | 3540 |
| 17 | പത്രാസ് തോട്ടിൽ ജല സംരക്ഷണ തടയണ നിർമ്മാണം ( 32/19) | 630000` | 2പേർ | 1534 | 3068 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| 18 | എരഞ്ഞിപ്പാലം തോട്ടിൽ ജല സംരക്ഷണ തടയണ നിർമ്മാണം ( 33/19) | 800000 | 2പേർ | 1888 | 3776 |
| 19 | ചിറ്റാണി തോട്ടിൽ ജല സംരക്ഷണ തടയണ നിർമ്മാണം (113/19) | 600000 | 2പേർ | 1416 | 2832 |
| 20 | ചന്ദനക്കാവ് തോട്ടിൽ ജല സംരക്ഷണ തടയണ നിർമ്മാണം (114/19) | 740000 | 2പേർ | 1746 | 3492 |
| 21 | കുറ്റിപ്പുറം താലൂക്ക് ആശുപത്രിയിൽ കുട്ടികൾക്കും അമ്മമാർക്കും വിശ്രമ മുറി (121/19) | 1017000 | 4പേർ | 2950 | 11800 |
| 22 | ചേറ്റൂർ ആലുങ്ങൽ തോട്ടിൽ ജല സംരക്ഷണ തടയണ നിർമ്മാണം (115/19) | 750000 | 2പേർ | 1770 | 3540 |
| 23 | കാടാമ്പുഴ പറച്ചിക്കുണ്ട് പാറമ്മൽ റോഡ് നവീകരണം (133/19) | 500000 | 2പേർ | 1180 | 2360 |
| 24 | കൊളക്കാട് പൂളക്കാട് റോഡ് നവീകരണം (134/19) | 700000` | 2പേർ | 1652 | 3304 |
| 25 | വാര്യത്ത്പടി കളരിക്കൽ നെല്ലാനിപ്പറ്റ റോഡ് നവീകരണം (135/19) | 500000 | 2പേർ | 1180 | 2360 |
| 26 | സുപ്രിയ അംഗൻവാടി റോഡ് നവീകരണം (137/19) | 700000` | 4പേർ | 1652 | 6608 |
| 27 | തിരുനിലം പുളിയമ്പറ്റകുഴി മങ്കേരി റോഡ് നവീകരണം (138/19) | 600000` | 2പേർ | 1416 | 2832 |
| 28 | തട്ടാരുപാറ എസ്.സി കോളനി റോഡ് നവീകരണം (139/19) | 800000` | 2പേർ | 1888 | 3776 |
| 29 | പീടികപ്പടി വെങ്ങാട് റോഡ് നവീകരണം (47/19) | 629381 | 2പേർ | 1534 | 3068 |
| 30 | ബംഗ്ലാംകുന്ന് എസ്.സി കോളനി റോഡ് നവീകരണം (140/19) | 600000 | 2പേർ | 1416 | 2832 |
| 31 | അമ്പാൾ കുര്യത്തൊടി-കോഴിക്കുന്ന് പറമ്പ് റോഡ് നവീകരണം (141/19) | 800000` | 2പേർ | 1888 | 3776 |
| 32 | മണ്ണാർക്കടവ് ഇറിഗേഷൻ പദ്ധതി അഭിവൃദ്ധിപ്പെടുത്തൽ (22/19) | 800000` | 2പേർ | 1888 | 3776 |
| 33 | വൈലിശ്ശേരി എസ്.സി കോളനി സമഗ്ര വികസനം (51/19) | 600000 | 3പേർ | 1416 | 4248 |
| 34 | പകരനെല്ലൂർ എസ്.സി കോളനി സമഗ്ര വികസനം (54/19) | 1000000 | 2പേർ | 2360 | 4720 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| 35 | പറക്കുന്ന് പറമ്പ് എസ്.സി കോളനി സമഗ്ര വികസനം (56/19) | 600000 | 2പേർ | 1416 | 2832 |
| 36 | കീഴ്വാചോലയിൽ ജല സംരക്ഷണ തടയണ നിർമ്മാണം (116/19) | 1500000 | 2പേർ | 2800 | 5600 |
| | | | | | 141488 |

ഓഡിറ്റ് എൻക്വയറി 6/23.7.2020 നൽകിയതിന് – തുക തിരികെ ലഭിക്കുന്നതിന് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കത്ത് നൽകിയിട്ടുണ്ടെന്ന് അറിയിച്ചു. തുക തിരികെ ലഭ്യമായ വിവരം അറിയിക്കേണ്ടതാണ്.

### 1-15 കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ നിധി വിഹിതം - കളക്ഷൻ ചാർജ്ജ് ഈടാക്കിയില്ല.

1996 ലെ The Building and other construction workers' welfare cess Act പ്രകാരം നിർമ്മാണ പ്രവൃത്തികളുടെ ആകെ മൂല്യത്തിന്റെ ഒരു ശതമാനം ബന്ധപ്പെട്ട വർക്ക് ബില്ലിൽ നിന്നും വസൂലാക്കി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിൽ ഒടുക്കേണ്ടതാണ്. ഇപ്രകാരം വസൂലാക്കി നൽകുന്ന തുകയുടെ ഒരു ശതമാനം ഇതിന്റെ കളക്ഷൻ ചാർജ് ഇനത്തിൽ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈടാക്കാവുന്നതാണ് (The Building and other construction workers' welfare cess Act,1996 Section 3-3).

ഓഡിറ്റ് വർഷത്തിൽ ബ്ലോക്ക് പഞ്ചായത്ത് നിർവ്വഹണം നടത്തിയ പ്രവൃത്തികളുടെ ബില്ലിൽ നിന്നും ഈടാക്കിയ നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതത്തിൽ നിന്ന് കളക്ഷൻ ചാർജ് ഈടാക്കാതെ മുഴുവൻ തുകയും ബന്ധപ്പെട്ട ബോർഡിൽ അടവാക്കിയിരിക്കുകയാണ്. ഭാവിയിൽ കളക്ഷൻ ചാർജ് കുറവ് ചെയ്ത് മാത്രം ക്ഷേമ നിധി വിഹിതം അടവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-16 മരാമത്ത് പ്രവൃത്തി - യഥാസമയം കരാർ വെക്കാത്തതിന് നിയമാനുസൃതമായ പിഴ ഈടാക്കിയില്ല.

2012 ലെ പൊതുമരാമത്ത് മാന്വൽ ഖണ്ഡിക 2009.6 പ്രകാരം സെലക്ഷൻ നോട്ടീസ് കൈപ്പറ്റി 14 ദിവസത്തിനകം കാരറുകാരൻ പ്രവൃത്തി ഏറ്റെടുക്കുന്നത് സംബന്ധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥനുമായി കരാർ ഒപ്പുവെക്കേണ്ടതാണ്. 14 ദിവസത്തിന് ശേഷം 10 ദിവസം വരെ കരാർ തുകയുടെ 1% ഫൈനോടെയും കരാർ വെക്കാവുന്നതാണ്. എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചെമ്പിക്കൽ തോട് ഇറിഗേഷൻ തടയണ നിർമ്മാണം (80/19), വെള്ളരഞ്ഞി തോട് തടയണ കെട്ടി ജലസംരക്ഷണം (104/19), കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടിയുള്ള വിശ്രമ മുറി നിർമ്മാണം (103/19) എന്നീ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാർ സെലക്ഷൻ നോട്ടീസ് കൈപ്പറ്റി 14 ദിവസത്തിന് ശേഷമാണ് കരാർ വെച്ചതെങ്കിലും നിയമാനുസൃതമായ പിഴ ഈടാക്കിയിട്ടില്ല. .

പിഴ 26149 രൂപ ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ ഖ. 3-2 ആയി ചേർത്തിട്ടുണ്ട്.

### 1-17 ഡെപ്പോസിറ്റ് പ്രവൃത്തി തുക മുഴുവൻ ചെലവഴിച്ചില്ല

താഴപ്പറയുന്ന പ്രവൃത്തികൾക്കായി കേരള വാട്ടർ അതോറിറ്റി എടപ്പാളിൽ ഡെപ്പോസിറ്റ് ചെയ്തതിൽ വിനിയോഗ സാക്ഷ്യപത്ര പ്രകാരം തുക മുഴുവൻ ചെലവഴിച്ചതായി കാണുന്നില്ല. ചെലവഴിക്കാൻ അവശേഷിക്കുന്ന തുക തിരികെ ഈടാക്കി /ക്രമീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

| ക്രമ നം | പദ്ധതി | നൽകിയ തുക | ചെലവഴിച്ച തുക | ബാക്കി | ബിൽ നം.തിയ്യതി |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 6 | കാരേക്കാട് ഡിവിഷനിലെ വിവിധ ഭാഗങ്ങളിലേക്ക് തിരുനാവായ കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ<br><br>(പ്രൊജക്ട് നം.11/19) | 1000000 | 915587 | 84413 | 30/17.9.18 |
| 13 | കുറുമ്പത്തൂർ ഡിവിഷനിലെ വിവിധ ഭാഗങ്ങളിലേക്ക് തിരുനാവായ കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ<br><br>(പ്രൊജക്ട് നം.17/19) | 500000 | 437642 | 62358 | 17/28. |

## 1-18 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല.

സെക്രട്ടറി നിർവ്വഹണം നടത്തിയ താഴപ്പറയുന്ന ചെലവുകൾക്കാധാരമായ രസീതി,വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയില്ല.

| ക്രമ നം | പദ്ധതി | തുക നൽകപ്പെട്ട സ്ഥാപനം | നൽകിയ തുക | ബിൽ നം.തിയ്യതി |
|---|---|---|---|---|
| 1 | വെണ്ടല്ലൂർ ഡിവിഷനിലെ വിവിധ ഭാഗങ്ങളിലേക്ക് KWA പൈപ്പ് ലൈൻ നീട്ടൽ<br><br>(പ്രൊജക്ട് നം.8/19) | KWA എടപ്പാൾ | 1000000 | 18/20.8.2018 |
| 2 | ചേലകുന്ന് ഡിവിഷനിലെ വിവിധ ഭാഗങ്ങളിലേക്ക് തിരുനാവായ കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ<br><br>(പ്രൊജക്ട് നം.9/19) | ,, | 500000 | 17/28.7.2018 |
| 3 | ലൈഫ് ഭവന പദ്ധതി വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകൽ (പ്രൊജക്ട് നം.10/19 | ഇരിമ്പിളിയം ഗ്രാ.പ<br><br>കുറ്റിപ്പുറം ഗ്രാ.പ<br><br>ആതവനാട് ഗ്രാ.പ<br><br>എടയൂർ ഗ്രാ.പ | 207300<br><br>552800<br><br>400780<br><br>566620 | 23/31.8.18 |
| 4 | ലൈഫ് ഭവന പദ്ധതി വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകൽ (പ്രൊജക്ട് നം.10/19 | ഇരിമ്പിളിയം ഗ്രാ.പ<br><br>എടയൂർ ഗ്രാ.പ | 452250<br><br>1236150 | 39/16.11.2018 |
| | | | | |

| | | | | |
|---|---|---|---|---|
| 5 | ലൈഫ് ഭവന പദ്ധതി വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകൽ (പ്രൊജക്ട് നം.10/19 | കുറ്റിപ്പുറം ഗ്രാ.പ<br>ആതവനാട് ഗ്രാ.പ | 1206000<br>874350 | 56/21.12.2018 |
| 6 | ആതവനാട് ഡിവിഷനിലെ വിവിധ ഭാഗങ്ങളിലേക്ക് തിരുനാവായ കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ<br>(പ്രൊജക്ട് നം.12/19) | ആതവനാട് ഗ്രാ.പ | 500000 | 35/13.11.2018 |
| 7 | ലൈഫ് ഭവന പദ്ധതി വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകൽ (SC)(പ്രൊജക്ട് നം.13/19 | ആതവനാട് ഗ്രാ.പ<br>എടയൂർ ഗ്രാ.പ | 41600<br>208000 | 25/31.8.2018 |
| 8 | ലൈഫ് ഭവന പദ്ധതി വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകൽ (SC)(പ്രൊജക്ട് നം.13/19 | എടയൂർ ഗ്രാ.പ | 842000 | 40/16.11.2018 |
| 9 | ലൈഫ് ഭവന പദ്ധതി വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകൽ (SC)(പ്രൊജക്ട് നം.13/19 | എടയൂർ ഗ്രാ.പ | 375750 | 57/21.12.2018 |
| 10 | VGF (viability Gap Fund) | ഇരിമ്പിളിയം ഗ്രാ.പ | 350000 | 54/12.12.2018 |
| 11 | മേൽമുറി ഡിവിഷനിലെ വിവിധ ഭാഗങ്ങളിലേക്ക് തിരുനാവായ കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ<br>(പ്രൊജക്ട് നം.15/19) | KWA എടപ്പാൾ | 500000 | 9/28.5.2018 |
| 12 | നെച്ചിത്തൊടി ഡിവിഷനിലെ വിവിധ ഭാഗങ്ങളിലേക്ക് തിരുനാവായ കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ<br>(പ്രൊജക്ട് നം.18/19) | ,, | 940000 | 27/12.9.2018 |
| 13 | ചെറ്റാരം SC കോളനിയിലേക്ക് തിരുനാവായ കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ<br>(പ്രൊജക്ട് നം.17/19) | ,, | 800000 | 69/11.3.2019 |
| 14 | പരിരക്ഷ പാലിയേറ്റീവ് കെയർ ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം നൽകൽ(പ്രൊജക്ട് നം.61/19) | ഇരിമ്പിളിയം ഗ്രാ.പ<br>മാറാക്കര ഗ്രാ.പ | 200000<br>300000 | 14/11.7.2018 |
| 15 | പരിരക്ഷ പാലിയേറ്റീവ് കെയർ ഗ്രാമ | കുറ്റിപ്പുറം | 400000 | 16/28.7.2018 |

| | | | | |
|---|---|---|---|---|
| | പഞ്ചായത്തുകൾക്ക് വിഹിതം നൽകൽ(പ്രൊജക്ട് നം.61/19) | ഗ്രാ.പ | | |
| 16 | പരിരക്ഷ പാലിയേറ്റീവ് കെയർ ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം നൽകൽ(പ്രൊജക്ട് നം.61/19) | ആതവനാട് ഗ്രാ.പ | 200000 | 24/31.8.2018 |
| 17 | പരിരക്ഷ പാലിയേറ്റീവ് കെയർ ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം നൽകൽ(പ്രൊജക്ട് നം.61/19) | കൽപകഞ്ചേരി ഗ്രാ.പ<br>എടയൂർ.ഗ്രാ.പ | 300000<br>400000 | 31/17.9.2018 |
| 18 | ഇരിമ്പിളിയം ഗ്രാമ പഞ്ചായത്തിലെ പരമ്പരാഗത കൈത്തൊഴിലുകൾക്ക് വിഹിതം നൽകൽ(63/19) | ഇരിമ്പിളിയം ഗ്രാ.പ | 200000 | 52/12.12.2018 |
| 19 | മഹിളാ സൗഹൃദ മന്ദിരം മാറാക്കര ഗ്രാമ പഞ്ചായത്തിന് വിഹിതം നൽകൽ (67/19) | മാറാക്കര ഗ്രാ.പ | 1210000 | 38/16.11.2018 |
| 20 | പുത്തനത്താണി ഡിവിഷനിലെ വിവിധ ഭാഗങ്ങളിലേക്ക് തിരുനാവായ കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ<br>(പ്രൊജക്ട് നം.17/19) | KWA എടപ്പാൾ | 500000 | 35/13.11.2018 |
| 21 | പേരശ്ശന്നൂർ അംഗൻവാടി ബ്ളോക്ക് വിഹിതം MGNREGS സ്റ്റേറ്റ് മിഷൻ അക്കൗണ്ടിൽ അടവാക്കിയത്(പ്രൊജക്ട് നം.122/19) | MGNREGS സ്റ്റേറ്റ് മിഷൻ | 304000 | 37/15.11.2018 |
| 22 | വട്ടപ്പറമ്പ് അംഗൻവാടി ബ്ളോക്ക് വിഹിതം MGNREGS സ്റ്റേറ്റ് മിഷൻ അക്കൗണ്ടിൽ അടവാക്കിയത്(പ്രൊജക്ട് നം.124/19) | MGNREGS സ്റ്റേറ്റ് മിഷൻ | 300000 | 51/24.11.2018 |
| 23 | കുറ്റിപ്പുറം 89ാം നമ്പർ അംഗൻവാടി ബ്ളോക്ക് വിഹിതം MGNREGS സ്റ്റേറ്റ് മിഷൻ അക്കൗണ്ടിൽ അടവാക്കിയത്<br>(പ്രൊജക്ട് നം.127/19) | MGNREGS സ്റ്റേറ്റ് മിഷൻ | 300000 | 48/24.11.2018 |
| 24 | മണ്ണേക്കര അംഗൻവാടി ബ്ളോക്ക് വിഹിതം MGNREGS സ്റ്റേറ്റ് മിഷൻ അക്കൗണ്ടിൽ അടവാക്കിയത്<br>(പ്രൊജക്ട് നം.128/19) | MGNREGS സ്റ്റേറ്റ് മിഷൻ | 300000 | 49/24.11.2018 |
| 25 | ഇരിമ്പിളിയം ഗ്രാമ പഞ്ചായത്തിലെ PHC വനിതകൾക്ക് വിശ്രമ മുറി ഗ്രാമ പഞ്ചായത്ത് വിഹിതം നൽകൽ(പ്രൊജക്ട് നം129/19) | ഇരിമ്പിളിയം ഗ്രാ.പ | 500000 | 55/12.12.2018 |
| 26 | മേൽപത്തൂർ ആയുർവ്വേദ | ആതവനാട് | 750000 | 61/13.12.2018 |

| | | | | |
|---|---|---|---|---|
| | ഡിസ്പെൻസറി വനിതകൾക്ക് വിശ്രമ മുറി ഗ്രാമ പഞ്ചായത്ത് വിഹിതം നൽകൽ(പ്രൊജക്ട് നം130/19) | ഗ്രാ.പ | | |
| 27 | ഇരിമ്പിളിയം ഗ്രാമ പഞ്ചായത്തിലെ ശിശു മന്ദിരത്തിൽ വനിതകൾക്ക് വിശ്രമ മുറി ഗ്രാമ പഞ്ചായത്ത് വിഹിതം നൽകൽ(പ്രൊജക്ട് നം130/19) | ഇരിമ്പിളിയം ഗ്രാ.പ | 500000 | 53/12.12.2018 |
| 28 | പെതുശ്മശാനത്തിന് ഷെഡ് നിർമ്മാണം(പ്രൊജക്ട് നം148/19) | മാറാക്കര ഗ്രാമ പഞ്ചായത്ത് | 1100000 | 62/31.12.2018 |
| 29 | കുറ്റിപ്പുറം ടൗൺ തുറ പൂർത്തീകരണം(പ്രൊജക്ട് നം149/19) | കുറ്റിപ്പുറം ഗ്രാ.പ | 250000 | 59/27.12.2018 |
| 30 | പാറത്തൊടി അഴക്ക് ചാൽ നിർമ്മാണം(പ്രൊജക്ട് നം150/19) | കുറ്റിപ്പുറം ഗ്രാ.പ | 127000 | 60/27.12.2018 |

ആകെ 19694600

വിനിയോഗസാക്ഷ്യപത്രം ഹാജരാക്കാൻ ഓഡിറ്റ് എൻക്വയറി നം .1/27.7.2020 പ്രകാരം ആവശ്യപ്പെട്ടതിന് വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാകുന്ന മുറക്ക് ഹാജരാക്കുന്നതാണ് എന്ന് മറുപടി നൽകിയിട്ടുണ്ട്. ആയത് വരെ ചെലവ് തുക 19694600 ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-19 സെന്റേജ് ചാർജ്ജ് അധികം നൽകിയത്-സംബന്ധിച്ച്

ബ്ലോക്ക് പഞ്ചായത്തിലെ വിവിധ പൈപ്പ് ലൈൻ നീട്ടുന്നതിന് വേണ്ടി എക്സിക്യൂട്ടീവ് എഞ്ചിനീയർ കേരള വാട്ടർ അതോറിറ്റി എടപ്പാളിന്റെ പേരിൽ തുക നിക്ഷേപിച്ചിട്ടുണ്ട്.എന്നാൽ താഴെപ്പറയുന്ന പ്രവൃത്തികളിൽ 12.5% സെന്റേജ് ചാർജ്ജ് ആണ് നൽകിയിട്ടുള്ളത് .സ.ഉ 1069/2018/ത.സ്വ.ഭ.വ തി.16.4.2018 പ്രകാരം എസ്റ്റിമേറ്റിന്റെ 10% തുക മാത്രമാണ് സെന്റേജ് ചാർജ്ജ് ആയി നൽകാവുന്നത് .അധികം നൽകിയ തുകയുടെ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം | പദ്ധതി | എസ്റ്റിമേറ്റ് | നൽകാവുന്ന തുക(10%) | നൽകിയ തുക(12.5%) | അധികം | ബിൽ നം.തിയ്യതി |
|---|---|---|---|---|---|---|
| 1 | വെണ്ടല്ലൂർ ഡിവിഷനിലെ വിവിധ ഭാഗങ്ങളിലേക്ക് KWA പൈപ്പ് ലൈൻ നീട്ടൽ<br><br>(പ്രൊജക്ട് നം.8/19) | 846902 | 84690.2 | 105862.75 | 21173 | 18/20.8.18 |
| 2 | കാരേക്കാട് ഡിവിഷനിലെ വിവിധ ഭാഗങ്ങളിലേക്ക് തിരുനാവായ കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ<br><br>(പ്രൊജക്ട് നം.11/19) | 886152.12 | 88615 | 110769 | 22154 | 30/17.9.18 |
| 3 | മേൽമുറി ഡിവിഷനിലെ | 1856619.17 | 185661.9 | 232077.3 | 46416 | 9/28.5.2018 |

| | | | | | | |
|---|---|---|---|---|---|---|
| | വിവിധ ഭാഗങ്ങളിലേക്ക് തിരുനാവായ കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ<br><br>(പ്രൊജക്ട് നം.15/19) | | | | | |
| 4 | കുറുമ്പത്തൂർഡിവിഷനിലെ വിവിധ ഭാഗങ്ങളിലേക്ക് തിരുനാവായ കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ<br><br>(പ്രൊജക്ട് നം.17/19) | 443393.2 | 44339 | 55491.6 | 11153 | 17/28.7.18 |
| 5 | നെച്ചിത്തൊടി SC കോളനിയിലേക്ക് ഡിവിഷനിലെ വിവിധ ഭാഗങ്ങളിലേക്ക് തിരുനാവായ കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ<br><br>(പ്രൊജക്ട് നം.18/19) | 832304 | 83230 | 104038 | 20808 | 27/12.9.18 |

ആകെ 121704

തുക അധികം നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി നം 2/21.07.2020 ന് തുക തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കും എന്ന് അറിയിച്ചിട്ടുണ്ട്. അധികം നൽകിയ തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.ചെലവ് തുക 121704 തടസ്സം ചെയ്യുന്നു.

## 1-20 സ്കോളർഷിപ്പ് വിഹിതം നൽകൽ- ചെലവഴിക്കാത്ത തുക തിരിച്ചടവാക്കിയില്ല.

പ്രോജക്റ്റ് നം- 125/2018-19 (ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് -ഗ്രാമ പഞ്ചായത്തിന് വിഹിതം നൽകൽ)

ചെലവ്- 10,00,000

നിർവ്വഹണം- ചൈൽഡ് ഡവലപ്മെന്റ് പ്രോജക്റ്റ് ഓഫീസർ

ചൈൽഡ് ഡവലപ്മെന്റ് പ്രോജക്റ്റ് ഓഫീസർ നിർവ്വഹണം നടത്തിയ ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് -ഗ്രാമ പഞ്ചായത്ത് വിഹിതം നൽകൽ എന്ന പദ്ധതി പ്രകാരം മാറാക്കര ഗ്രാമ പഞ്ചായത്തിന് നൽകിയ 3,80,000 രൂപയിൽ (ബിൽ നം- 6/208-19, 24.11.2018) 354600രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. അവശേഷിക്കുന്ന 25400 രൂപ തിരിച്ചടവാക്കിയതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.അവശേഷിക്കുന്ന 25400 രൂപ തിരിച്ചടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (8/23.7.2020 )നൽകിയ മറുപടിയിൽ തുക തിരിച്ചടവാക്കിതിന്റെ രസീതി ഹാജരാക്കാമെന്ന് അറിയിച്ചു.

## 1-21 പദ്ധതി അവലോകനം

2018-19 വർഷത്തിൽ ബ്ലോക്ക് പഞ്ചായത്തിൽ ആകെ 116 പ്രൊജക്ടുകളാണ് തയ്യാറാക്കിയത്. അതിൽ 52 പ്രൊജക്ടുകൾ നടപ്പിലാക്കി. പദ്ധതികൾ യഥാസമയം നടപ്പിലാക്കുന്നതിൽ വീഴ്ച വന്നത് കാരണം 31.68 ലക്ഷം

രൂപ ബ്ലോക്ക് പഞ്ചായത്തിന് നഷ്ടപ്പെടുകയുണ്ടായി.ബ്ലോക്ക് പഞ്ചായത്തിന് ഓഡിറ്റ് വർഷം സംസ്ഥാന സർക്കാരിൽ നിന്ന് ലഭിച്ച ഫണ്ടുകളും അവയുടെ ചെലവ് സംബന്ധിച്ച വിശദാംശങ്ങളും ചുവടെ ചേർക്കുന്നു.

| ഇനം | വരവ് | ചെലവ് | ലാപ്സായ തുക |
|---|---|---|---|
| പ്ലാൻ ഫണ്ട് (ജനറൽ) | 45283000.00 | 45281239.00 | 1761.00 |
| പ്ലാൻ ഫണ്ട് (SCP) | 11675000.00 | 11661073.00 | 13927.00 |
| മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) | 5373000.00 | 2220232.00 | 3152768.00 |
| ആകെ | 62331000 | 59162544 | 3168456 |

ബ്ലോക്ക് പഞ്ചായത്തില വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രൊജക്ടുകൾ സംബന്ധിച്ച വിശദാംശങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആകെ പദ്ധതികൾ | നടപ്പിലാക്കിയ പദ്ധതികൾ | ആകെ അടങ്കൽ | ചെലവ് | ശതമാനം |
|---|---|---|---|---|---|
| ചൈൽഡ് ഡവലപ്മെന്റ് പ്രൊജക്ട് ഓഫീസർ | 5 | 5 | 2210245 | 2188818 | 99 |
| ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി | 46 | 40 | 46966063 | 29284249 | 62.35 |
| മെഡിക്കൽ ഓഫീസർ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ | 2 | 1 | 1430000 | 878000 | 61.4 |
| പട്ടികജാതി വികസന ഓഫീസർ | 2 | 2 | 5608268 | 3885000 | 69.27 |
| അസിസ്റ്റന്റ് ഡയറക്ടർ (കൃഷി) | 1 | 1 | 2310000 | 2308100 | 99.61 |
| ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ | 2 | 2 | 1447960 | 513334 | 35.45 |
| അസി.എക്സി.എഞ്ചിനീയർ | 3 | 1 | 5745520 | 892295 | 15.53 |
| അസി എഞ്ചിനീയർ | 55 | 34 | 31115809 | 19212748 | 61.75 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| ആകെ | 116 | 86 | 96833865 | 59162544 | 61.10 |

ആകെ പദ്ധതി അടങ്കലിന്റെ 61.10% ആണ് ഓഡിറ്റ് വർഷത്തെ ചെലവ്. പൊതുമരാമത്ത് പ്രവൃത്തികൾ നടപ്പിലാക്കുന്നതിൽ കാലതാമസം വന്നിട്ടുണ്ട്. യഥാസമയം പ്രവൃത്തി പൂർത്തിയാക്കി ബില്ലുകൾ സമർപ്പിക്കുന്നതിൽ വന്ന കാലതാമസം കാരണം ബ്ലോക്ക് പഞ്ചായത്തിന്റെ മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം ) ഇനത്തിലെ 31.68 ലക്ഷം രൂപ ലാപ്സായിട്ടുണ്ട്. പദ്ധതി പണം ലാപ്സാവാതിരിക്കാൻ പദ്ധതികൾ സമയബന്ധിതമായി നിർവ്വഹിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

ഭാഗം-2

വരവിനത്തിലെ വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

ഇല്ല

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 പ്രവൃത്തി വൈകി പൂർത്തിയാക്കിയതിന് പിഴ ഈടാക്കിയില്ല.

2012 ലെ പൊതുമരാമത്ത് മാന്വൽ ഖണ്ഡിക 2112 പ്രകാരവും കരാർ പ്രകാരവും കരാറുകാരന്റെ കാരണം കൊണ്ട് നിശ്ചിത തീയ്യതിക്കകം പ്രവൃത്തി പൂർത്തിയാക്കാൻ കഴിഞ്ഞില്ലെങ്കിൽ കരാറുകാരിൽ നിന്ന് പിഴ ഈടാക്കേണ്ടതുണ്ട്. എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയർ, അസി.എക്സി.എഞ്ചിനീയർ എന്നിവർ നിർവ്വഹണ ഉദ്യോഗസ്ഥരായി നടപ്പിലാക്കിയ ചുവടെ കാണിച്ച പ്രവൃത്തികൾ വൈകി പൂർത്തിയാക്കിയതിന് കരാറുകാരിൽ നിന്ന് ഫൈൻ ഈടാക്കിയിട്ടില്ല.

കരാറുകാരുടെ മാത്രം കാരണങ്ങളാൽ പ്രവൃത്തി വൈകി പൂർത്തീകരിച്ചിട്ടും പിഴ ഈടാക്കാതെ കരാറുകാർക്ക് തുക നൽകിയത് നിയമാനുസൃതമല്ല. തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18-08-2018ലെ എസി2/223/15 ത.സ്വ.ഭ.വ. സർക്കുലർ പ്രകാരവും കരാർ പ്രകാരവും യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാതിരുന്നാലുള്ള പിഴ ആദ്യത്തെ മൂന്ന് മാസ കാലയളവിന് 1ശതമാനം നിരക്കിലാണ്. പിഴ 12731 രൂപ ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി | കരാർ പ്രകാരം പൂർത്തീകരണ തീയ്യതി | പൂർത്തീകരിച്ച തിയ്യതി | ഈടാക്കേണ്ട പിഴ 1% |
|---|---|---|---|---|
| 1 | ഷ്രഡിങ് യൂണിറ്റ് അടിസ്ഥാന സൗകര്യ വികസനം (38/19)<br>അടങ്കൽ: 250000/-<br>ഫണ്ട്- വികസന ഫണ്ട് (ജനറൽ) (0.4% കുറവ്) | 9.1.2019<br><br>(കാലാവധി 4 മാസം) | 13.3.2019 | 2489 |

| | | | | |
|---|---|---|---|---|
| | കരാറുകാരൻ ശ്രീ. നൗഷാദ്. എ.<br>കരാർ തുക 248920/-രൂപ(04.% )<br>ബിൽ 37/26.3.2019 തുക 224797<br>കരാർ 16/18-19 തീയ്യതി 10.9.2018<br>അളവ് പുസ്തകം 28/18-19 | | | |
| 2 | കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടിയുള്ള വിശ്രമ മുറി നിർമ്മാണം (92/19)<br>നിർവ്വഹണം. അസി.എക്സി.എഞ്ചിനീയർ<br>അടങ്കൽ:1225000<br>ഫണ്ട്:വികസന ഫണ്ട് (ജനറൽ)<br>കരാർ തുക:987381/- (14.5%കുറവ്)<br>കരാറുകാരൻ ശ്രീ. കെ.മുഹമ്മദ്<br>ബിൽ 1/24.5.2018 തുക 723448<br>ബിൽ 1/15.11.2018 തുക 168347<br>2017-18 ൽ നൽകിയത് 156480<br>ആകെ 1048275<br>കരാർ 4/17-18തീയ്യതി 12.5.2017<br>അളവ് പുസ്തകം 7/17-18,14/17-18 | 12.3.2018<br>(10 മാസം) | 15.5.2018 | 9874 |
| | ആകെ | | | 12362/- |

ഓഡിറ്റ് എൻക്വയറി 3/22.7.2020 നൽകിയതിന് ചുവടെ കാണും പ്രകാരം മറുപടി ലഭ്യമാക്കി

1. ബ്ലോക്ക് പഞ്ചായത്ത് വ്യവസായ എസ്റ്റേറ്റിലെ മറ്റ് പ്ലോട്ടുകളുടെ ലേല നടപടികളും അതിരുകളുടെ നിർണ്ണയവും നടക്കുന്നത് കാരണം ഷ്രഡിങ് യൂണിറ്റ് സ്ഥിതി ചെയ്യുന്ന പ്ലോട്ടിന്റെ അളവിൽ വ്യതിയാനം വന്നാൽ ചില മാറ്റങ്ങൾ വരുത്തേണ്ടി വരുമെന്ന് കരുതി പ്രവൃത്തിയുടെ നടത്തിപ്പ് ഓഫീസ് താൽപ്പര്യാർത്ഥം വൈകിച്ചതാണ് എന്നാണ് മറുപടി ലഭ്യമാക്കിയത്.

നിലവിലുള്ള ഷ്രഡിങ് യൂണിറ്റ് കെട്ടിടത്തിന്റെ മുൻവശം ഷീറ്റ് റൂഫിങ്, മുറ്റം സിമന്റ് കട്ട പതിക്കൽ എന്നിവയാണ് എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തി. എസ്റ്റേറ്റിലെ മറ്റ് പ്ലോട്ടുകളുടെ ലേല നടപടികളും അതിരുകളുടെ നിർണ്ണയവും ഒന്നും മേൽ പ്രവൃത്തികളെ ബാധിക്കുന്നതല്ല. മറുപടി സ്വീകാര്യമല്ല.

2. കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടിയുള്ള വിശ്രമ മുറി നിർമ്മാണം എന്ന പ്രവൃത്തിയുടെ പിഴ ഈടാക്കി അടവാക്കുന്നതാണ് എന്ന് നിർവ്വഹണ ഉദ്യോഗസ്ഥർ മറുപടി നൽകിയിട്ടുണ്ട്.

### 3-2 മരാമത്ത് പ്രവൃത്തി - യഥാസമയം കരാർ വെക്കാത്തതിന് നിയമാനുസൃതമായ പിഴ ഈടാക്കിയില്ല.

2012 ലെ പൊതുമരാമത്ത് മാന്വൽ ഖണ്ഡിക 2009.6 പ്രകാരം സെലക്ഷൻ നോട്ടീസ് കൈപറ്റി 14 ദിവസത്തിനകം കാരറുകാരൻ പ്രവൃത്തി ഏറ്റെടുക്കുന്നത് സംബന്ധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥരുമായി കരാർ ഒപ്പുവെക്കേണ്ടതാണ്. 14 ദിവസത്തിന് ശേഷം 10 ദിവസം വരെ കരാർ തുകയുടെ 1% ഫൈനോടെയും കരാർ വെക്കാവുന്നതാണ്. എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ കാണിച്ച മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാർ സെലക്ഷൻ നോട്ടീസ് കൈപ്പറ്റി 14 ദിവസത്തിന് ശേഷമാണ് കരാർ വെച്ചതെങ്കിലും നിയമാനുസൃതമായ പിഴ ഈടാക്കിയിട്ടില്ല. .

പിഴ 26147 രൂപ ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | സെലക്ഷൻ നോട്ടീസ് തീയ്യതി | കരാർ തീയ്യതി | ഈടാക്കേണ്ട പിഴ |
|---|---|---|---|
| ചെമ്പിക്കൽ തോട് ഇറിഗേഷൻ തടയണ നിർമ്മാണം (80/19)<br>ഫണ്ട്: വികസന ഫണ്ട് (ജനറൽ)<br>അടങ്കൽ: 750000/-<br>കരാറുകാരൻ ശ്രീ. നൗഷാദ്. എ.<br>കരാർ തുക:743555/-0.6%കുറവ് (എ.ഇ.യുടെ പത്രിക പ്രകാരം)<br>ബിൽ 34/26.3.2019 തുക 743555<br>കരാർ 30/17-18 തീയ്യതി 10.1.2018<br>അളവ് പുസ്തകം 19/18-19 | 11.12.2017 | 10.1.2018 | 7436 |
| വെള്ളരഞ്ഞി തോട് തടയണ കെട്ടി ജലസംരക്ഷണം (104/19)<br>ഫണ്ട്: വികസന ഫണ്ട് (ജനറൽ)<br>അടങ്കൽ: 500000/-<br>കരാറുകാരൻ ശ്രീ. നൗഷാദ്. എ.<br>കരാർ:AE/LSGD/KTPM/21/17-18<br>ബിൽ 6/29.8.2018 തുക 403465<br>കരാർ 21/17-18 തീയ്യതി 28.11.2017<br>അളവ് പുസ്തകം 21/17-18 | 23.10.2017 | 28.11.2017 | 4035 |
| ഐരാണി അംഗൻവാടിക്ക് കെട്ടിടം (83/19)<br>ഫണ്ട്: വികസന ഫണ്ട് (ജനറൽ)<br>അടങ്കൽ: 1250000/-<br>കരാറുകാരൻ ശ്രീ. നൗഷാദ്. എ.<br>കരാർ തുക:1200000/-0.75%കുറവ് (എ.ഇ. തയ്യാറാക്കിയ പത്രിക പ്രകാരം) | 11.12.2017 | 10.1.2018 | 12000 |

| | | | |
|---|---|---|---|
| ബിൽ 11/16.11.2018 തുക 648883<br><br>ബിൽ 24/11.3.2019 തുക 551117<br><br>കരാർ 29/17-18തീയ്യതി 10.1.2018 തുക 1200000<br><br>അളവ് പുസ്തകം 15/17-18, 26/18-19 | | | |
| കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടിയുള്ള വിശ്രമ മുറി നിർമ്മാണം (103/19)<br>ഫണ്ട്: വികസന ഫണ്ട് (ജനറൽ)<br>അടങ്കൽ: 271136/-<br><br>കരാറുകാരൻ ശ്രീ. ഫാഹിദ് റഹ്മാൻ<br>കരാർ തുക:270531/-0.22%കുറവ്<br>(എ.ഇ. തയ്യാറാക്കിയ പത്രിക പ്രകാരം)<br><br>ബിൽ 12/16.11.2018 തുക 267826<br><br>കരാർ 22/17-18തീയ്യതി 28.11.2017 തുക<br><br>അളവ് പുസ്തകം 16/17-18 | 23.10.2017 | 28.11.2017 | 2705 |
| ആകെ | | | 26176 |

ഓഡിറ്റ് എൻക്വയറി 4/22.7.2020 നൽകിയതിന് - ജോലിത്തിരക്കുകളും, വർദ്ധിച്ച ജോലി ഭാരത്തിനനുസരിച്ച് മതിയായ സ്റ്റാഫ് ഇല്ലാത്തത് കാരണവും, സെലക്ഷൻ നോട്ടീസ് തയ്യാറാക്കി കഴിഞ്ഞിട്ടും കരാറുകാർക്ക് സമയബന്ധിതമായി നൽകാൻ കഴിയാതിരുന്നത് കാരണമാണ് നോട്ടീസ് തീയ്യതി വെച്ച് നോക്കുമ്പോൾ കരാർ തീയ്യതി നീണ്ട് പോയതായി കാണുന്നത് എന്ന് മറുപടി ലഭ്യമാക്കി.

നിയമപരമായി നിർവ്വഹിക്കേണ്ട കാര്യങ്ങൾ ചെയ്യാതിരുന്നതിന് ലഭ്യമാക്കിയ വിശദീകരണം അംഗീകരിക്കാവുന്നതല്ല. തുക ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ /തീയതി |
|---|---|---|
| 2018-19 | 16.08.2019. മുതൽ 17.08.2019 വരെ | കെ.എസ്.എ.എം.പി.എം. 8/1174/2019<br><br>തിയ്യതി: 26-08-2019 |

## 4-2 സംയുക്ത പ്രോജക്റ്റുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം സംബന്ധിച്ച് കൃത്യമായ വിവരങ്ങൾ ബ്ലോക്ക് പഞ്ചായത്തിൽ ലഭ്യമല്ലാത്തതിനാൽ AFS പ്രകാരമുള്ള വിവരങ്ങൾ മാത്രം ഉൽപ്പെടുത്തുന്നു. കൂടാതെ പത്രിക പ്രകാരമുളള വിവരങ്ങൾ എ.എഫ്.എസുമായി പൊരുത്തപ്പെടുന്നില്ല.

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക |
|---|---|
| ജില്ലാ പഞ്ചായത്ത് | 66525563 |
| ഗ്രാമ പഞ്ചായത്തുകൾ | 130000 |

സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം സംബന്ധിച്ച് കൃത്യമായ വിവരങ്ങൾ ബ്ലോക്ക് പഞ്ചായത്തിൽ സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷം ഡെപ്പോസിറ്റ് വർക്കിന് തുക നല്കിയതിന്റേയും ചെലവഴിച്ചതിന്റേയും വിവരം(K.S.E.B, K.W.A, G.W.D) ഉൾപ്പെടെ

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ/ബിൽ/ ചെക്ക് നം. | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 8/9 വെണ്ടല്ലൂർ ഡിവിഷനിലെ വിവിധ ഭാഗങ്ങളിലേക്ക് കെ.ഡബ്ല്യു.എ. പൈപ്പ് ലൈൻ നീട്ടൽ | U000000469075530 | 1000000 | വിവരം ലഭ്യമാക്കിയിട്ടില്ല | വിവരം ലഭ്യമാക്കിയിട്ടില്ല | വിവരം ലഭ്യമാക്കിയിട്ടില്ല |
| കേരള വാട്ടർ അതോറിറ്റി | 9/19 ചേലക്കുത്ത് ഡിവിഷനിലെ വിവിധ ഭാഗങ്ങളിലേക്ക് തിരുന്നാവായ കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ | U000000525935034 | 500000 | വിവരം ലഭ്യമാക്കിയിട്ടില്ല | വിവരം ലഭ്യമാക്കിയിട്ടില്ല | വിവരം ലഭ്യമാക്കിയിട്ടില്ല |
| കേരള വാട്ടർ അതോറിറ്റി | 11/19 കരേക്കാട് ഡിവിഷനിലെ വിവിധ ഭാഗങ്ങളിലേക്ക് തിരുന്നാവായ | U0000004816173670 | 1000000 | 915587 | പൂർത്തീകരിച്ചു | 84413 |

| | | | | | | |
|---|---|---|---|---|---|---|
| | കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ | | | | | |
| കേരള വാട്ടർ അതോറിറ്റി | 12/19<br><br>ആതവനാട് ഡിവിഷനിലെ വിവിധ ഭാഗങ്ങളിലേക്ക് തിരുന്നാവായ കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ | U000000525935036 | 500000 | വിവരം ലഭ്യമാക്കി യിട്ടില്ല | വിവരം ലഭ്യമാക്കി യിട്ടില്ല | വിവരം ലഭ്യമാക്കി യിട്ടില്ല |
| കേരള വാട്ടർ അതോറിറ്റി | 15/19 മേൽമുറി<br><br>ഡിവിഷനിലെ വിവിധ ഭാഗങ്ങളിലേക്ക് തിരുന്നാവായ കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ | U000000417160684 | 500000 | വിവരം ലഭ്യമാക്കി യിട്ടില്ല | വിവരം ലഭ്യമാക്കി യിട്ടില്ല | വിവരം ലഭ്യമാക്കി യിട്ടില്ല |
| കേരള വാട്ടർ അതോറിറ്റി | 17/19 കുറുമ്പത്തൂർ ഡിവിഷനിലെ വിവിധ ഭാഗങ്ങളിലേക്ക് തിരുന്നാവായ കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ | U000000469075530 | 500000 | 437642 | പൂർത്തീകരിച്ചു | 62358 |
| കേരള വാട്ടർ അതോറിറ്റി | 18/19<br><br>നെച്ചിത്തൊടി ഡിവിഷനിലെ വിവിധ ഭാഗങ്ങളിലേക്ക് തിരുന്നാവായ കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ | U000000484164224 | 940000 | വിവരം ലഭ്യമാക്കി യിട്ടില്ല | വിവരം ലഭ്യമാക്കി യിട്ടില്ല | വിവരം ലഭ്യമാക്കി യിട്ടില്ല |
| കേരള വാട്ടർ അതോറിറ്റി | 19/19<br><br>ചെറ്റാരം | U000000612595424 | 800000 | വിവരം ലഭ്യമാക്കി യിട്ടില്ല | വിവരം ലഭ്യമാക്കി യിട്ടില്ല | വിവരം ലഭ്യമാക്കി യിട്ടില്ല |

| | | | | | | |
|---|---|---|---|---|---|---|
| | ഡിവിഷനിലെ വിവിധ ഭാഗങ്ങളിലേക്ക് തിരുന്നാവായ കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ | | | | | |
| കേരള വാട്ടർ അതോറിറ്റി | 110/19<br><br>പുത്തനത്താണി<br><br>ഡിവിഷനിലെ വിവിധ ഭാഗങ്ങളിലേക്ക് തിരുന്നാവായ കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ | U00000525935037 | 500000 | വിവരം ലഭ്യമാക്കിയിട്ടില്ല | വിവരം ലഭ്യമാക്കിയിട്ടില്ല | വിവരം ലഭ്യമാക്കിയിട്ടില്ല |

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

4-5 വായ്പ /വായ്പ തിരിച്ചടവ്

ഇല്ല

4-6 സ്ഥിര നിക്ഷേപം

ഇല്ല.

4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നം./ തിയ്യതി |
|---|---|---|---|---|
| 2009-10 മുതൽ 2013-14 | 3.11 | 5000 | ടി.യൂസുഫ്,<br><br>റിട്ടയേർഡ് ബി.ഡി.ഒ. | 118030100004/ 10.07.2018 |

4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 30 | 2001-02 | V-10-1<br>IV-3 | സ്റ്റോർപർച്ചേസ് ചട്ട ലംഘനം | നടപടികൾ തുടരുന്നു |
| 2001-02 | 3-3 | 2007-08 | 3-1-53 | സ്ഥലം വാങ്ങൽ അപാകതകൾ | ,, |
| 2003- | 2-10 | ,, | | ,, | ,, |

| | | | | | |
|---|---|---|---|---|---|
| 04 | | | 3-1-54 | | |
| 2002-03 | 3-8,3-12,3-16 | ” | 3-61(1)(2)(3) | മരാമത്ത് പ്രവൃത്തി. നികുതികൾ ബന്ധപ്പെട്ട ഹെഡിൽ അടവാക്കിയില്ല | „ |
| 2014-15 | 3-3 | 2015-16 | 8-20 | അടിസ്ഥാന സൗകര്യങ്ങളൊരുക്കാതെ ഉപകരണങ്ങൾ വാങ്ങി. 6.5 ലക്ഷം രൂപയുടെ പാഴ് ചെലവ് | ” |

4-9 ചാർജ് സർചാർജ് നടപടികളുടെ വിവരം.

ഇല്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരുപ്പ് ഉൾപ്പെടെ) | 105700700 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 84133330 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 38539 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 19816304 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1(1) | | 2489 | ശ്രീമതി. നന്ദിത.എം.ടി, അസി.എഞ്ചിനീയർ |
| 3-1(2) | | 9874 | ശ്രീ. പ്രകാശ് ബാബു, അസി.എക്സി.എഞ്ചിനീയർ |
| 3-2 | | 26176 | ശ്രീമതി. നന്ദിത.എം.ടി, അസി.എഞ്ചിനീയർ |
| | ആകെ | 38539 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 19694600 | 500,000 – ശ്രീ.എം.പി. രാമദാസ് , സെക്രട്ടറി<br>500,000 – ശ്രീ. കെ.വി.രാധാകൃഷ്ണൻ , സെക്രട്ടറി<br>800,000- ശ്രീ. ചന്ദ്രൻ. ടി. , സെക്രട്ടറി<br>17894600- ശ്രീമതി. അജിത.കെ, സെക്രട്ടറി |
| 1-19 | 121704 | 46416- ശ്രീ. കെ.വി.രാധാകൃഷ്ണൻ , സെക്രട്ടറി<br>75288- ശ്രീമതി. അജിത.കെ, സെക്രട്ടറി |
| ആകെ | 19816304 | |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

(ഇ)<u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. നന്ദിത.എം.ടി, അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ, കുറ്റിപ്പുറം ബ്ലോക്ക്. | ശ്രീനിലയം, തിരുനാവായ പി.ഒ, മലപ്പുറം-676301 |
| ശ്രീ.പ്രകാശ്ബാബു, അസി.എക്സി. എഞ്ചിനീയർ | എ.എക്സ്.ഇ. എൽ.എസ്സ്.ജി. ഡി.സബ്ഡിവിഷൻ, കുറ്റിപ്പുറം ബ്ലോക്ക്. | കൃഷ്ണാഞ്ജലി, എടക്കാട്,കണ്ണൂർ-670663 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1995-98 | എൽ.എഫ്.എം12/1122/99 തീയ്യതി 10.9.12 | 7 |
| 1998-99 | എൽ.എഫ്.എം12/887/00 തീയ്യത് 10.9.12 | 2 |
| 1999-00 | എൽ.എഫ്.എം4/460/05 തീയ്യത് 10.9.12 | 6 |
| 2000-01 | എൽ.എഫ്.എം4/1163/05 തീയ്യത് 10.9.12 | 16 |
| 2001-02 | എൽ.എഫ്.എം4/1161/05 തീയ്യത് 10.9.12 | 10 |
| 2002-03 | എൽ.എഫ്.എം17/1612/06 തീയ്യത് 20.8.10/10.9.12 | 8 |
| 2003-04 (ചെലവ്) | എൽ.എഫ്.എം17/1193//07 തീയ്യത് 10.9.12 | 11 |
| 2004-05 (ചെലവ്) | എൽ.എഫ്.എം17/1194/07 തീയ്യത് 10.9.12 | 6 |
| 2005-06 (ചെലവ്) | എൽ.എഫ്.എം17/1195/07 തീയ്യത്20.8.10 | 6 |
| | എൽ.എഫ്.എം09/590/10 തീയ്യത് 17.1.13 | 11 |

| | | |
|---|---|---|
| 2006-07 (ചെലവ്) | | |
| 2007-08 (ചെലവ്) | എൽ.എഫ്.എം09/591/10 തീയ്യത് 16.1.13 | 29 |
| 2008-09 (ചെലവ്) | എൽ.എഫ്.എം09/1586/10 തീയ്യത് 20.9.2010 | 16 |
| 2004-05 മുതൽ 2008-09 വരെ (വരവ്) | എൽ.എഫ്.എം04/2421(1)/14 തീയ്യത് 18.11.2014 | 1 |
| 2009-10-2013-14 | എൽ.എഫ്.എം.4/2421(2)/2014 തീയ്യത് 18.11.2014 | 22 |
| 2014-15 | കെ.എസ്.എ. എം.പി.എം 8/2516/15 തീയ്യതി. 16.11.2015 | 15 |
| 2015-16 | കെ.എസ്.എ. എം.പി.എം.8/524/2017 | 33 |
| 2016-17 | കെ.എസ്.എ. എം.പി.എം.8/2556/17/05-12-2017 | 10 |
| 2017 -18 | കെ.എസ്.എ. എം.പി.എം.8/392/2019/(12.4.19) | 17 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
മലപ്പുറം

## അനുബന്ധം -1
## ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ.എം.പി.എം8/1174/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
പിൻ- 676 505 ഫോൺ- 0483-2734951
ഇ-മെയിൽ- dompm.ksad@kerala.gov.i

തീയ്യതി. 26.08.2019

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4 ാം-വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് നിയമത്തിന്റെ 215- ാം വകുപ്പ്, അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്'ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേഡുകൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 വർഷത്തെ 31.3.2019 ൽ അവസാനിച്ച വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിലെ ഖണ്ഡിക നം.1-11ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 വാർഷിക ധനകാര്യ പത്രികയുടെ വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്